കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തെ തുടർന്ന് നഗരപ്രദേശങ്ങളിൽ ഉപയോഗ ശൂന്യമായ ശൗചാലയങ്ങൾ, സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (അർബൻ) ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2851/2018/തസ്വഭവ തിരുവനന്തപുരം, തീയതി 07.11.2018

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.08.2018 ലെ 3236/B1/201/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തെ തുടർന്ന്, പ്രാഥമിക വിലയിരുത്തൽ അനുസരിച്ച് സംസ്ഥാനത്താകെ നഗരപ്രദേശത്തെ 11222 ശൗചാലയങ്ങൾ പുനർ നിർമ്മിക്കേണ്ടി വരുന്ന സാഹചര്യത്തിൽ വെള്ളപ്പൊക്കത്തെ തുടർന്ന് ഉപയോഗ ശൂന്യമായ ശൗചാലയങ്ങൾ, സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ ( അർബൻ) ഫണ്ട് വിനിയോഗിക്കാവുന്നതാണെന്നും സ്വച്ച് ഭാരത് മിഷൻ ( അർബൻ) മാർഗ്ഗ നിർദേശ പ്രകാരം പുതിയ ശൗചാലയ നിർമ്മിതിക്കും പുനർ നിർമ്മിതിക്കും 6667/- രൂപ സ്വച്ച് ഭാരത് മിഷൻ ( അർബൻ) വിഹിതത്തിൽ നിന്നും നൽകാവുന്നതാണെന്നും മേൽ സാഹചര്യത്തിൽ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് സഹിതം പുനർ നിർമ്മിക്കുന്നതിന് നഗരസഭയിലെ എൻജിനീയർ തയാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനും ആയതിനുള്ള ചെലവിനായി സ്വച്ച് ഭാരത് മിഷൻ ( അർബൻ) വിഹിതത്തിൽ നിന്നും 6667/- രൂപയും ബാക്കി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന ഫണ്ടിൽ നിന്നും ( പ്ലാൻ ഫണ്ടിന്റെ 15 % തുക) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയത്തെ തുടർന്ന് നഗരപ്രദേശങ്ങളിൽ ഉപയോഗ ശൂന്യമായ ശൗചാലയങ്ങൾ, സെപ്റ്റിക് ടാങ്ക് സഹിതം അടിയന്തിരമായി പുനർ നിർമ്മിക്കുന്നതിന് നഗരസഭയിലെ എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനും ആയതിനുള്ള ചെലവിലേക്കായി സ്വച്ച് ഭാരത് മിഷൻ (അർബൻ) വിഹിതത്തിൽ നിന്നും

6667/- രൂപയും ബാക്കി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽനിന്നും ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന ഫണ്ടിൽ നിന്നും (പ്ലാൻ ഫണ്ടിന്റെ 15 % തുക) ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
എല്ലാ നഗരസഭകൾക്കും/ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ